ഉത്തരം

(എ) പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 12/2011-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

148 (1876) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 26 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) 5201 കുടുംബങ്ങൾക്കും 6500 സ്കൂൾ കുട്ടികൾക്കും പദ്ധതി കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നുണ്ട്.

കരാറുകാരൻ പമ്പ് ഹൗസിന്റെ മതിൽ പൊളിച്ചുനീക്കിയതിനെതിരെ നടപടി

149 (1877) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈന്തലയിലെ വാട്ടർ അതോറിറ്റിയുടെ റോ വാട്ടർ പമ്പ് ഹൗസിന് സമീപമുള്ള റോഡ് നന്നാക്കുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുമതിയില്ലാതെ കരാറുകാരൻ പമ്പ് ഹൗസിന്റെ മതിൽ പൊളിച്ചുനീക്കിയതും അവിടെയുണ്ടായിരുന്ന തെങ്ങ് മുറിച്ചതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോൺട്രാക്ടറുടെ പ്രവൃത്തിക്കെതിരെ എന്തുനടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അംഗീകാരത്തോടുകൂടിയാണ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി തെങ്ങ് മുറിക്കുകയും മതിൽ പൊളിക്കുകയും ചെയ്തത്. അതിനാൽ കോൺട്രാക്ടർക്ക് എതിരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly